**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 438** **02-11-2021 - ൽ മറുപടിയ്ക്ക്**

**പാൽ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ .പി. കെ. ബഷീർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീര കർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ലോക്ക്ഡൗൺ കാലത്ത് പാൽ സംഭരണം നടക്കാത്തതിനെ തുടർന്ന് ക്ഷീര കർഷകർ നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കോവിഡ് മഹാമാരി, മുൻ വർഷങ്ങളിൽ കേരളം നേരിടേണ്ടിവന്ന പ്രളയം പോലുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ പാൽ സംഭരണത്തിന് ഒരു തടസ്സവും വരാത്ത രീതിയിൽ ക്രമീകരിക്കുവാനായി ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി രൂപം കൊടുത്തിരുന്നു. പ്രാദേശികമായുള്ള കർഷകരേയും ക്ഷീരസംഘം പ്രതിനിധികളേയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ കമ്മിറ്റിയുടെ പ്രവർത്തന ഫലമായി ഇത്തരം പ്രതിസന്ധിഘട്ടങ്ങളിൽ കർഷകർക്ക് സഹായവും അവർക്ക് വന്ന നാശനഷ്ടങ്ങൾ കണക്കാക്കി ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷീര കർഷകർക്ക് കോവിഡ് രോഗബാധ യുണ്ടാവുമ്പോൾ അവരുടെ കന്നുകാലികളെയും കറവപ്പശുക്കളെയും സംരക്ഷിക്കുന്നതിനും, കറവ, പശുക്കൾക്കുള്ള ഭക്ഷണം എന്നീ സൗകര്യങ്ങൾ ഒരുക്കി കേരളത്തിലെ വിവിധ ജില്ലകളിലുള്ള ക്ഷീരസംഘങ്ങൾ മാതൃകാപരമായ രീതിയിൽ നടപടികളെടുത്ത് കർഷകരെ സഹായിച്ചു. കൂടാതെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പാൽ സംഭരണം നടത്തുന്നതിനാൽ വ്യാപന സാധ്യത കുറവായിരുന്നു. മാത്രവുമല്ല സംഘം ജീവനക്കാർക്കും കർഷകർക്കും മറ്റും മാസ്ക്, സാനിറ്റൈസർ എന്നിവ നൽകുകയും |

| | | | |
|---|---|---|---|
| | | | കോവിഡ് ബാധിച്ച കർഷകരുടെ തൊഴുത്തും മറ്റും അണുവിമുക്തമാക്കുന്നതിനുള്ള നടപടികളും ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള മുൻകരുതൽ എന്ന നിലയിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ